സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ദേവസ്വം ബോർഡ് നിയമ വിഭാഗത്തിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക ഒരെണ്ണം എസ്റ്റേറ്റ് ഡിവിഷനിലേക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11153/14/Est-I (i)** നന്തൻകോട്, 19-02-2022

---

പരാമർശം :- 1) ദേവസ്വം കമ്മീഷണറുടെ 14-12-2021 ലെ ROC 21064/2021/M1 നമ്പർ റിപ്പോർട്ട്.

2) ദേവസ്വം കമ്മീഷണറുടെ 23-12-2021 ലെ ROC 147/05/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ, കടമുറികൾ എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് വാടക നിശ്ചയിക്കുന്നത്, കരാർ തയ്യാറാക്കുന്നത്, കരാർ പുതുക്കുന്നത് തുടങ്ങിയ നടപടികൾ എസ്റ്റേറ്റ് ഡിവിഷൻ മുഖേനയാണ് നടന്നുവരുന്നത്. ഷോപ്പിംഗ് കോംപ്ലക്സ്, കടമുറികൾ വാടകയ്ക്ക് എടുക്കുന്നവർ വാടക കുടിശ്ശിക വരുത്തുന്നതും കടമുറികൾ ഒഴിയാതെ കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതും പതിവായി മാറിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ നിയമാനുസൃത നടപടികൾ യഥാസമയം സ്വീകരിക്കാൻ സാധിക്കാതെ വരുന്നതിനാൽ പല കേസുകളിലും പ്രതികൂല വിധികൾ ഉണ്ടാകുകയും ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അതിനാൽ നിയമ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥന്റെ സേവനം എസ്റ്റേറ്റ് ഡിവിഷനിൽ ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -1).

ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

**I.** <u>അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക എസ്റ്റേറ്റ് ഡിവിഷനിലേക്ക് ഷിഫ്റ്റ് ചെയ്യുന്നു</u>

ബോർഡാഫീസിലെ നിയമ വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക ഒരെണ്ണം 01-03-2022 പ്രാബല്യത്തിൽ എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലേക്ക്

(മറുപുറം)

ഷിഫ്റ്റ് ചെയ്തും ടി തസ്തികയിൽ ബോർഡാഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 ശ്രീ. റ്റി.എസ്. വിനോദിനെ നിയമിച്ചും ഉത്തരവാകുന്നു.

**II. എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 നിർവ്വഹിക്കേണ്ട ജോലികൾ.**

1) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ആഡിറ്റോറിയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ എന്നിവയുടെ വാടക ഉടമ്പടികൾ തയ്യാറാക്കുക.
2) കാലാവധി അവസാനിക്കുന്ന ഉടമ്പടികൾ പുതുക്കുന്നതുമായി ബന്ധപ്പെട്ടും വാടകക്കാർക്ക് നോട്ടീസുകൾ നൽകുന്ന കാര്യത്തിലും ബന്ധപ്പെട്ട ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർക്ക് നിയമപരമായ ഉപദേശങ്ങൾ നൽകുക.
3) ദേവസ്വം വക ഭൂമി സംബന്ധമായും കടമുറികൾ തുടങ്ങി വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടും ബോർഡിനെതിരെയുള്ള കോടതി വ്യവഹാരങ്ങളുടെ നടത്തിപ്പിൽ ഗ്രൂപ്പ്, സബ്ഗ്രൂപ്പ്തല ഉദ്യോഗസ്ഥർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക.
4) ഇത്തരം കേസുകളുടെ നടത്തിപ്പ് പുരോഗതി ദേവസ്വം അഡ്വക്കേറ്റുമാരുമായി ബന്ധപ്പെട്ട് വിലയിരുത്തി അവ സംബന്ധമായ ശുപാർശകൾ അടങ്ങുന്ന കുറിപ്പുകൾ എസ്റ്റേറ്റ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുക

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി

ശ്രീ. റ്റി. എസ്. വിനോദ്,
അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2,
ബോർഡ് ആഫീസ്

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. അക്കൗണ്ടസ് സെക്ഷൻ, ബോർഡ് ആഫീസ്
3. എസ്റ്റാ –2 സെക്ഷൻ, ബോർഡ് ആഫീസ്
4. മരാമത്ത് സെക്ഷൻ, ബോർഡ് ആഫീസ്
5. ലാന്റ് സെക്ഷൻ, ബോർഡ് ആഫീസ്
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK